LIBRARY ARCHIVES Kerala Legislative Assembly

കൊടകര - പേരാമ്പ്ര, കനകമല ഖാദി യൂണിറ്റുകളുടെ നവീകരണം

101 (2339) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടകര പഞ്ചായത്തിലെ പേരാമ്പ്രയിലും കനകമലയിലുമുള്ള ഖാദി യൂണിറ്റുകളുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും, ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കൊടകര പഞ്ചായത്തിൽപ്പെട്ട പേരാമ്പ്ര, കനകമല എന്നിവിടങ്ങളിലെ ഖാദി യൂണിറ്റുകൾ നവീകരിക്കുന്നതിന് 2013-14-ൽ 7 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിലേക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി. കറഞ്ഞ ഇക്ക ക്വാട്ട് ചെയ്ത കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിക്കഴിഞ്ഞു. പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ പൊതുകടം

102 (2340) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 ഡിസംബർ 1 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര?

ഉത്തരം

നടപ്പുസാമ്പത്തിക വർഷം 31-10-2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. പ്രസ്തുത പ്രാഥമിക കണക്ക് ഉൾപ്പെടെ 31-10-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 126530.33 കോടി രൂപയാണ്.

ധനകാര്യവകുപ്പിലെ ഇ-ഫയലിംഗ്

103 (2341) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കിയതിനുശേഷം ഫയൽ പരിശോധിക്കുന്നതിനും തീർപ്പാക്കുന്നതിനും കൂടുതൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;